പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2225 17/02/2016 മറുപടിയ്ക്ക്

## ഗോത്രസാരഥി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>" ഐ. സി. ബാലകൃഷ്ണൻ<br>" സി. പി. മുഹമ്മദ്<br>" എം. എ. വാഹീദ് : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ മന്ത്രി) | |
| (എ) | ഗോത്രസാരഥി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | പൊതുഗതാഗത സൗകര്യമില്ലാത്തതും, വിദൂരവും, ദുർഘടവുമായുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്ക് വീട്ടിൽ നിന്നും സ്കൂളിൽ ദിവസവും പോയി വരാനാകുന്ന വിധം പൊതുവിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ, പഠിക്കുവാനാകാത്ത സാഹചര്യം ഒഴിവാക്കുന്നതിനാണ് ഗോത്ര സാരഥി പദ്ധതി ആവിഷ്കരിച്ചത്. വിദൂരവും, ദുർഘടവുമായ പ്രദേശങ്ങളിൽ നിന്നുള്ള പട്ടികവർഗ്ഗവിദ്യാർത്ഥികളെ സ്കൂളിൽ കൊണ്ടുപോകുന്നതിനും പഠനശേഷം തിരികെ വീട്ടിലെത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിന് സാധിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | 2013-14 സാമ്പത്തിക വർഷമാണ് പദ്ധതി ആരംഭിച്ചത്. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവാകുകയും അർഹമായ സ്കൂളുകളെ പഞ്ചായത്തുകളുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കുന്നതിനും, പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ജില്ലാതല ഓഫീസർമാർ മുഖേന നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ